**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 587** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ഉറപ്പാക്കുന്ന സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് നിലവിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗങ്ങളായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി 2018. സ്കീമിൽ അംഗങ്ങളായ ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. ലിക്വിഡേഷൻ നടപടികളിലുള്ള ഗ്യാരന്റീഡ് സംഘത്തിലെ നിക്ഷേപകന് നൽകുന്ന ക്ലെയിം തുകയുടെ പരിധി, നിക്ഷേപകൻ വിഹിതം അടയ്ക്കുന്ന പക്ഷം, മുതലിനത്തിൽ പരമാവധി 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്യാരന്റീഡ് തുക പരമാവധി 10 ലക്ഷം രൂപയായി സ്കീമിൽ വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ റെഗുലേഷനിലും ആവശ്യമായ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** നിക്ഷേപം സ്വീകരിക്കുന്ന പല സഹകരണ സ്ഥാപനങ്ങളും ഈ ബോർഡിൽ അംഗങ്ങളായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** അംഗങ്ങൾ ആവാത്ത ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സഹകരണ നിയമം 1969 ലെ വകുപ്പ് 57B പ്രകാരം, നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ അംഗത്വം എടുക്കാത്ത സംഘങ്ങൾ നിക്ഷേപം സ്വീകരിക്കുന്നത് തടയാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ട്. സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രകാരം നിക്ഷേപം സ്വീകരിക്കുന്നതിന് അനുമതിയുള്ള എല്ലാ സഹകരണ സംഘങ്ങളും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗത്വമെടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഡി)** ഗ്യാരണ്ടി ഫണ്ട് ബോർഡിൽ അംഗത്വമുള്ള സ്ഥാപനങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ ഫണ്ട് ബോർഡിൽ അംഗത്വം എടുത്ത് 2023-24 വർഷം വരെ കൃത്യമായി പുതുക്കി വരുന്ന സംഘങ്ങളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2024-25 വർഷം മുതൽ അംഗത്വം പുതുക്കുന്നത് ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖാന്തിരമാണ്. 2024-25 വർഷത്തെ പുതുക്കിയ സംഘങ്ങളുടെ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സോഫ്റ്റ്‌വെയർ അപ്ഡേഷന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു. ആയത് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. 2025-26 വർഷത്തെ അംഗത്വം പുതുക്കേണ്ടത് 2026 ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിനുള്ളിലാണ്.

**സെക്ഷൻ ഓഫീസർ**